"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - കൊടകര ഗ്രാമപഞ്ചായത്ത് - മുൻ സീനിയർ ക്ലർക്ക് ശ്രീ. അനിൽ ബാബു. സി യ്ക്കെതിരെയുള്ള അച്ചടക്ക നടപടി-ശ്രീ. അനിൽ ബാബു സി. യുടെ ഭാര്യ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2259/2026/LSGD തീയതി,തിരുവനന്തപുരം, 25-11-2026

പരാമർശം:- 1. സ.ഉ(സാധാ)നം. 788/2025/തസ്വഭവ തീയതി 24.03.2025

2. ശ്രീ. അനിൽ ബാബു സി-യുടെ ഭാര്യ ശ്രീമതി സബിത 29.05.2026 ൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കൊടകര ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ, 03.05.2010 മുതൽ 17.10.2013 വരെയുള്ള കാലയളവിൽ കൊടകര ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീ.അനിൽ ബാബു.സി., 9,17,393/- രൂപ ദുർവിനിയോഗം ചെയ്തത്, ദിവസേനയുള്ള പണപ്പിരിവ് പ്രക്രിയയിൽ വിവിധ നികുതി രസീതുകൾ വ്യാജമായി ഉണ്ടാക്കിയും തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് അയക്കാതെയും ആണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. തൃശ്ശൂർ ഡി.ഡി.പി ഔപചാരിക അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പണാപഹരണം പോലെ വളരെ ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ശ്രീ.അനിൽ ബാബു.സി യ്ക്ക് മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് KCS(CC&A) Rule 11(1)(vi) പ്രകാരം നിർബന്ധിത വിരമിക്കൽ ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയും, സർക്കാരിനുണ്ടായ നഷ്ടം പിഴപ്പലിശയോടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ശ്രീ. അനിൽ ബാബു സി യെ സർവ്വീസിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ ശ്രീമതി സബിത, പരാമർശം (2) പ്രകാരം ബഹു. മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അനിൽ ബാബു സി യ്ക്കെതിരായ അച്ചടക്ക നടപടി നിയമപരമായ വശങ്ങൾ പരിശോധിച്ചും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കി എല്ലാ നടപടി ക്രമങ്ങളും പാലിച്ചാണ് തീർപ്പാക്കിയിട്ടുള്ളത്. ഈ

സാഹചര്യത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ശ്രീ. അനിൽ ബാബു സി യെ സർവീസിൽ തിരിച്ചെടുക്കണമെന്ന ശ്രീമതി സബിതയുടെ അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അനിൽ ബാബു, മുൻ സീനിയർ ക്ലർക്ക്, കൊടകര ഗ്രാമ പഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/214/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Digitally signed by Sivaprasad V N
Date: 25-11-2026 14:47:49
സെക്ഷൻ ഓഫീസർ